**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 763** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>പഴയന്നൂർ ചീരക്കുഴി ഇറിഗേഷൻ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. യു. ആർ. പ്രദീപ് ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** ചേലക്കര നിയോജകമണ്ഡലത്തിലെ പഴയന്നൂർ ചീരക്കുഴി ഇറിഗേഷൻ പദ്ധതി എന്നാണ് കമ്മീഷൻ ചെയ്തത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പഴയന്നൂർ ചീരക്കുഴി ഇറിഗേഷൻ പദ്ധതി 1973 ലാണ് കമ്മീഷൻ ചെയ്തത്.

**(ബി)** ഈ പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലെ നെൽകൃഷിക്കാണ് ജലസേചന സൗകര്യം ഉറപ്പാക്കുന്നത്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പഴയന്നൂർ, കൊണ്ടാഴി, പാഞ്ഞാൾ, വള്ളത്തോൾ നഗർ, ദേശമംഗലം എന്നീ പഞ്ചായത്തുകളിലെ നെൽ കൃഷിക്കാണ് ജലസേചനം ഉറപ്പാക്കുന്നത്.

**(സി)** ഈ പഞ്ചായത്തുകളിലെ എത്ര ഏക്കർ നെൽകൃഷിക്കാണ് ജലസേചന സൗകര്യം ലഭ്യമാക്കുന്നത്; കാലപ്പഴക്കത്താലും 2018-ലെ മഹാപ്രളയത്താലും കനാലുകളുടെ സംരക്ഷണഭിത്തിക്ക് ചോർച്ചയും മറ്റും ഉണ്ടായി ജലം ലീക്ക് ചെയ്തുപോകുന്നത് കണക്കിലെടുത്ത് കനാലുകളുടെ സംരക്ഷണഭിത്തി പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** അഞ്ച് പഞ്ചായത്തുകളിലായി 987 ഹെക്ടർ നെൽകൃഷിക്കു വേണ്ടിയാണ് ചീരക്കുഴി ജലസേചന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2018 ലെ പ്രളയത്തിനു ശേഷം കനാലിനും വിയറിനും അനുബന്ധ സ്ട്രക്ചറുകൾക്കും സംഭവിച്ച തകരാറുകൾ പരിഹരിക്കുന്നതിനായി SDRF-ൽ ഉൾപ്പെടുത്തി 443.25 ലക്ഷം രൂപയും, RKI-ൽ ഉൾപ്പെടുത്തി 67.5 ലക്ഷം രൂപയും, മെക്കാനിക്കൽ വർക്കിന് 353 ലക്ഷം രൂപയും ലഭിക്കുകയും ടി പ്രവൃത്തികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുള്ളതുമാണ്.

**സെക്ഷൻ ഓഫീസർ**